## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1492 — 06.03.2017 ൽ മറുപടിക്ക്

## റബ്ബർ കർഷകർക്കുള്ള ആശ്വാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ. എൻ.ജയരാജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിലവ്യതിയാനത്തിൽ ആശങ്കപ്പെടുന്ന റബ്ബർ കർഷകർക്ക ആശ്വാസം നൽകുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണപരമായ എന്തു പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) നിലവിലുണ്ടായിരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം കൂടുതൽ ഊർജ്ജിത പ്പെടുത്തി വിപണി വിലയും , താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നേരിട്ട് കൈമാറിവരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത റബ്ബർ കർഷകർക്ക് 15/10/2016 മുതൽ 30/11/2016 വരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുകയുമുണ്ടായി. റബ്ബർ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് ബോണസ് ഇനത്തിൽ 647.39 കോടി രൂപ നൽകിയിട്ടുണ്ട്. |
| ബി) റബ്ബർ കൃഷിയുടെ തുടക്കത്തിൽ വരുമാനം ലഭിക്കാത്ത കാലയളവിൽ കർഷകരെ സഹായിക്കാൻ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തി കമായി പിന്തുണ നൽകുന്നതിനും ഉതകുന്നവിധത്തിൽ സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) പുതുകൃഷി / ആവർത്തനകൃഷി ചെയ്ത റബ്ബർതോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി 2017-18 സാമ്പത്തിക വർഷത്തെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കു ന്നതിന് ലക്ഷ്യമിടുന്നു. ഈ വിഷയത്തിൽ കൃഷി വകുപ്പ് മന്ത്രി റബ്ബർ ബോർഡ് അധികാരികളുമായി 3 തവണ ചർച്ച |

(.... 2)

നടത്തുകയും ഒരു ശിൽപ്പശാല സങ്കടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർക്ക് ആദ്യ വർഷങ്ങളിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒരളവ് വരെ പരിഹരിക്കുവാൻ സാധിക്കും എന്നാണ് കരുതുന്നത്.

**സെക്ഷൻ ഓഫീസർ**